പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3162 | 22.06.2012 ൽ മറുപടിയ്ക്ക് |
|---|---|
| 'ഫിനിഷിംഗ് സ്കൂൾ ഫ്ളാഗ് ഷിപ്പ് പ്രോഗ്രാം' | |
| ചോദ്യം | ഉത്തരം |
| ശ്രീ. എസ് രാജേന്ദ്രൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) |
| (എ) തൊഴിലന്വേഷകരായ സ്ത്രീകൾക്ക് പരിശീലനവും മാർഗ്ഗ നിർദ്ദേശവും നൽകുന്നതിനായി മുൻ സർക്കാർ ആവിഷ്ക്കരിച്ച ഫിനിഷിംഗ് സ്കൂൾ ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പ്രോഗ്രാം മുഖേന എത്ര പേർക്ക് പരിശീലനം ലഭിച്ചു വെന്നും അതിൽ എത്ര പേർക്ക് തൊഴിൽ ലഭിച്ചു വെന്നും അറിയിക്കുമോ ; | (ബി) 2007-08 വർഷം മുതലാണ് സാമൂഹ്യ ക്ഷേമ വകുപ്പ് ഫിനിഷിംഗ് സ്കൂൾ പദ്ധതി നടപ്പാക്കിവരുന്നത്. ആദ്യവർഷം എൽബിഎസ് മുഖേന 68 പേർക്കും സി-സ്റ്റെഡ് മുഖേന 846 പേർക്കും തൊഴിൽ പരിശീലനം നൽകുകയുണ്ടായി. ഇതിൽ എൽബിഎസ് വഴി പരിശീലനം ലഭിച്ച 68 പേരിൽ 66 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. 23 പ്രൊഡക്ഷൻ യൂണിറ്റുകൾ സ്ഥാപിക്കുകയും പുതിയതായി 12 യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ഫിനിഷിംഗ് സ്കൂൾ പദ്ധതി പ്രകാരം 27956 പേർക്ക് വനിതാ വികസന കോർപ്പറേഷൻ പരിശീലനം നൽകുകയുണ്ടായി. ഇതിൽ 2764 പേർക്ക് തൊഴിൽ ഉറപ്പോടുകൂടിയ പരിശീലന പദ്ധതി പ്രകാരം പരിശീലനം നൽകിയതിൽ 1669 പേർക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ നടപടി സ്വികരിക്കുമോ ? | (സി) ഇക്കാര്യത്തിൽ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി എടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ